നമ്പർ.315/2010/ഉ.ഭ.പ.വ. തീയതി 13-9-2010 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ പോതുജനങ്ങൾ നൽകുന്ന അപേക്ഷ/പരാതി/നിവേദനം തുടങ്ങിയവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണ വകുപ്പിന്റേയും വകുപ്പ് അദ്ധ്യക്ഷന്മാരുടെയും ധനപരമായ അധികാരങ്ങൾ വർദ്ധിപ്പിച്ചു. ഭരണ പരിഷ്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഇത് 2010 ആഗസ്റ്റ് 26-ന് നിലവിൽ വന്നതായി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഭരണ പരിഷ്ക്കാര നടപടികൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സർവ്വീസിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കുള്ള നിയമന പദ്ധതി

55(1300) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കുള്ള നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള ഉയർന്ന വരുമാന പരിധി ഏത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) പിന്നോക്ക വിഭാഗക്കാർക്കു മാത്രമായി നിശ്ചയിക്കപ്പെടേണ്ട ക്രീമീലെയർ അടിസ്ഥാനമാക്കിയുള്ള ഉയർന്ന വരുമാന പരിധിയിൽ നിന്ന് പട്ടികവിഭാഗത്തിൽപ്പെടുന്നവരെ ഒഴിവാക്കിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി പട്ടികവിഭാഗത്തെ ക്രീമീലെയർ അടിസ്ഥാനമാക്കിയുള്ള ഉയർന്ന വരുമാന പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമ്മാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള ഏറ്റവും പ്രധാന മാനദണ്ഡം മരണമടഞ്ഞ സർക്കാർ ഉദ്യോഗസ്ഥന്റെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയാണെന്ന് ബഹു. സുപ്രീംകോടതിയും ബഹു. ഹൈക്കോടതിയും നിരീക്ഷിച്ചിട്ടുണ്ട്. ഈ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കുന്നതിനുള്ള ഒരുപാധിയായിട്ടാണ് മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വാർഷിക കുടുംബവരുമാനം കണക്കിലെടുക്കുന്നതും കാലാകാലങ്ങളിൽ ക്രീമിലെയർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് പുതുക്കി നിശ്ചയിക്കുന്നതും.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം. മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബത്തിന് പെട്ടെന്ന് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുക എന്നത് മാത്രമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിനാൽത്തന്നെ നേരിട്ടുള്ള നിയമനത്തിന് ബാധകമായ വ്യവസ്ഥകൾ സമാശ്വാസ തൊഴിൽധാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് ബാധകമല്ല മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ സാമ്പത്തിക സ്ഥിതി മാത്രമാണ് ആശ്രിത നിയമനം നൽകുന്നതിനുള്ള പ്രധാന മാനദണ്ഡമെന്ന് ബഹു. സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പട്ടികവിഭാഗക്കാരെ മാത്രം ഉയർന്ന വരുമാന പരിധിയിൽ നിന്നും ഒഴിവാക്കി നടപടി സ്വീകരിക്കാൻ കഴിയില്ല.

ആശ്രിത നിയമനം

56(1302) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് 1995-ൽ ഇറക്കിയ ഉത്തരവ് ലഭ്യമാക്കുമോ ; ആശ്രിത നിയമനത്തിന് 2 വർഷം സേവനകാല ദൈർഘ്യം മാത്രം മതിയെന്നും ആയതിന്റെ മുൻകാല പ്രാബല്യം 1970 മുതൽ ഉണ്ടെന്നും പറയുന്ന പ്രസ്തുത ഉത്തരവിലൂടെ എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന 1995-ൽ പുറത്തിറക്കിയ 30-3-1995-ലെ സ.ഉ.(പി) 7/95/ഉ.ഭ.പ.വ. അനുബന്ധം I-ൽ* കാണാവുന്നതാണ് ടി ഉത്തരത്തിൽ. ആശ്രിത നിയമനം ലഭിക്കുന്നതിന് മരണപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെ സേവനകാല ദൈർഘ്യം രണ്ട് വർഷം മതിയെന്ന് വ്യവസ്ഥയുള്ളതായി കാണുന്നില്ല. എന്നാൽ 10-4-1992-ലെ സ.ഉ.(പി) 20/92/ഉ.ഭ.പവ. ഉത്തരവിൽ (അനുബന്ധം II)* ആശ്രിത നിയമനം ലഭിക്കുന്നതിന് മരണപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ രണ്ട് വർഷം ജോലി ചെയ്തിരിക്കണമെന്ന വ്യവസ്ഥയുണ്ട്. 30-3-1995-ലെ സ.ഉ.(പി) 7/95/ഉ.ഭ.പ.വ.-ൽ 1970-നു മുമ്പ് മരണമടഞ്ഞ സർക്കാർ ഉദ്യോഗസ്ഥന്റെ ആശ്രിതർക്കും പ്രസ്തുത നിയമനത്തിന് അർഹതയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ടി 1995-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ആശ്രിത നിയമനങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly